"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.പവിത്രൻ കെ യുടെ മകന്റെ ചികിത്സയ്ക്ക് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2544/2023/LSGD തീയതി,തിരുവനന്തപുരം, 22-12-2023

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 21/01/2016-ലെ G.O.(P)No.10/2016/H&FWD നമ്പർ ഉത്തരവ്
3. 15/12/2017-ലെ G.O.(MS)No.184/2017/H&FWD നമ്പർ ഉത്തരവ്
4. ശ്രീ.പവിത്രൻ കെ.യുടെ 09.03.2022--ലെ അപേക്ഷയും ബില്ലുകളും.
5. അജാനൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.03.2022-ലെ 10(1) നമ്പർ തീരുമാനം.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.04.2023-ലെ (എൽ.ഡിസ്) എം.ആർ 4-32412/2022/ ആ.വ.ഡ നം. കത്ത്.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.06.2023- ലെ LSGD/PD/ 5158/2023-DEG2നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.പവിത്രൻ കെ യുടെ മകന്റെ ചികിത്സയ്ക്ക് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ ആശുപത്രിയിൽ ചെലവായ 1,17,729 /- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ , ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർ ശം (6) പ്രകാരം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആകെ അനുവദനീയമായ 84,055/- രൂപയുടെ 80% ആയ 67,244/- രൂപ അപേക്ഷകന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് പരാമർശം(7) പ്രകാരം പ്രിൻ സിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക തുക അജാനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.പവിത്രൻ കെ യുടെ മകന്റെ ചികിത്സയ്ക്ക്

21/01/2021 മുതൽ 12/10/2021 വരെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 84,055/- രൂപയുടെ 80% ആയ 67,244/- രൂപ (അറുപത്തി ഏഴായിരത്തി ഇരുന്നൂറ്റി നാൽപത്തി നാല് രൂപ മാത്രം) നിലവിലെ KGSMA Rules. 1960 ചട്ടങ്ങൾക്ക് വിധേയമായി, പ്രസ്തുത ചികിത്സയ്ക്ക് പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിലും. മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും അജാനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, അജാനൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് ജില്ല.

ശ്രീ.പവിത്രൻ കെ, സീനിയർ ക്ലാർക്ക് , അജാനൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ് ജില്ല.
(പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.459/EPA3/2023/LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 22-12-2023 17:19:40